കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | | |
|---|---|---|
| DECEMBER | 25 | 2022 |



ശബരിമല പത്രക്കുറിപ്പ് - 2


ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


---

## മണ്ഡലപൂജ: ഒരുക്കങ്ങൾ വിലയിരുത്തി

ശബരിമല: മണ്ഡലപൂജയ്ക്കായി സന്നാഹങ്ങൾ സജ്ജമെന്ന് എ.ഡി.എം. പി. വിഷ്ണുരാജിന്റെ അധ്യക്ഷതയിൽ ചേർന്ന അവലോകനയോഗം വിലയിരുത്തി. ക്യൂ കോംപ്ലക്സിൽ തീർഥാടകർക്കായി ആറുഭാഷയിലുള്ള അറിയിപ്പുകൾ നൽകും. മണ്ഡലപൂജയ്ക്കായി അയ്യന് ചാർത്താൻ കൊ ുവരുന്ന തങ്ക അങ്കി ഘോഷയാത്രയ്ക്കു സുരക്ഷയൊരുക്കാൻ പമ്പയിൽനിന്ന് തീർഥാടകരെ നിയന്ത്രിക്കുമെന്ന് സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ആർ. ആനന്ദ് പറഞ്ഞു. അസിസ്റ്റന്റ് സ്പെഷൽ ഓഫീസറുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം ശരംകുത്തിയിലെത്തി തങ്ക അങ്കി ഘോഷയാത്രയെ അനുഗമിക്കും.
ശബരിമലയിലെ ജലവിതരണം അടക്കമുള്ള അടിയന്തര അറ്റകുറ്റപ്പണികൾ മണ്ഡലപൂജ കഴിഞ്ഞ് നട അടയ്ക്കുന്ന ഇടവേളയിൽ പൂർത്തിയാക്കാനും യോഗത്തിൽ നിർദേശമുയർന്നു.
സന്നിധാനത്തെ ദേവസ്വം കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ

അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ പി. നിതിൻരാജ്, ആർ.എ.എഫ് ഡെപ്യൂട്ടി കമാൻഡന്റ് ജി. വിജയൻ, ദേവസ്വം എക്സിക്യുട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മനോജ് രാജൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോക്യാപ്ഷൻ: സന്നിധാനത്തെ ദേവസ്വം കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകനയോഗം***.

(പി.ആർ. ശബരി- 196)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.